പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 545 12-06-2012 ന് മറുപടിയ്ക്ക്

**അങ്കമാലിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമെന്നും അവയിൽ പുനരുദ്ധാരണ പ്രവർത്തികൾക്ക് അനുവാദം നൽകിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ ; | എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിലുള്ളത് താഴെ പറയുന്ന റോഡുകളാണ്.<br>1. പാത്തക്കളം റോഡ്<br>2. വെള്ളപ്പാറ-കട്ടുകുളങ്ങര റോഡ് (കണ്ണിമംഗലം റോഡ് )<br>3. കട്ടുകുളങ്ങര-പട്ടിപ്പാറ റോഡ്<br>4. കാടപ്പാറ-മുളങ്കുഴി-ഇല്ലിത്തോട് (കോതമംഗലം റോഡ് )<br>5. ഇല്ലിത്തോട് - എവർഗ്രീൻ (ഔട്ട് പോസ്റ്റ് റോഡ് )<br>6. ഒറ്റത്തേക്ക്-മുഞ്ഞപ്പാറ റോഡ്<br>7. അഞ്ജനക്കണ്ട്-എവർഗ്രീൻ ഒ.പി. റോഡ്<br>അവയിൽ പാത്തക്കളം റോഡിന് പുനരുദ്ധാരണ പ്രവർത്തികൾക്ക് അനുവാദം നല്കിയിട്ടുണ്ട്. |
| ബി) വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവാദം നൽകാത്തതിനാൽ പൊതു ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരി | ബി) വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വനം വകുപ്പ് തന്നെ നടത്താറുണ്ട്. എന്നാൽ പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്ന |

| | |
|---|---|
| ക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | തിന് വനത്തിനകത്ത് കൂടി കടന്നു പോകുന്ന റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷ നൽകുകയാണെങ്കിൽ അവരുടെ ഫണ്ട് ഉപയോഗിച്ച് നിബന്ധനകൾക്കു വിധേയമായി അനുവാദം നൽകുന്നതാണ്. ഇപ്രകാരം ഈ ഡിവിഷനിൽ അയ്യമ്പുഴ പഞ്ചായത്തിൽ നിന്നും ലഭിച്ച അപേക്ഷ പരിഗണിച്ചിട്ടുണ്ട്. |
| സി) മേൽപ്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ നിയമപരമായി അനുവാദം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ